നം.ICDS-B2-3846/17

വനിതാ ശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ: 0471-2346508
ഇ മെയിൽ: swdicds@gmail.com.
തീയതി: 22-01-2018

വനിതാ ശിശു വികസന ഡയറക്ടർ.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം: വനിതാ ശിശു വികസന വകുപ്പ് - സംയോജിത ശിശു വികസന സേവന പദ്ധതി (IRTC - Integrated Rural Technology Centre) - അങ്കണവാടി പ്രവർത്തകർക്കുള്ള ECCE പരിശീലന പരിപാടി - BRG അംഗങ്ങളെ പരിശീലനത്തിന് നിയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. 29.06.2017 ലെ സ.ഉ(സാധാ)നം. 417/2017/സാ.നീ.വ.
2. 05.10.2017ലെയും 08.12.2017 ലേയും സംസ്ഥാനതല അക്കാഡമിക് കമ്മിറ്റി തീരുമാനം.
3. 17.06.2017 ലെ ഈ കാര്യാലയത്തിലെ ഇതേ നമ്പർ കത്ത്.
4. 16.01.2018 ലെ IRTC യിൽ നിന്നുള്ള കത്ത് നം. IRTC/429/DSJ-AW/813/18

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 33115 അങ്കണവാടികളിലെ പ്രവർത്തകർക്ക് ശൈശവപൂർവ്വകാല വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ അടിസ്ഥാനഘടകങ്ങളിന്മേൽ തുടർ പരിശീലനം നടത്തി ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ പാലക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (IRTC) എന്ന സ്ഥാപനം മുഖേന പരിശീലന പരിപാടി നടത്തുന്നതിനായി സൂചന (1) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

പാലക്കാട് IRTC യിൽ ഒന്നാംഘട്ട ബ്ലോക്ക് റിസോഴ്സ് ഗ്രൂപ്പംഗങ്ങളുടെ (BRG) പരിശീലനം പൂർത്തിയാവുകയും രണ്ടാംഘട്ട പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് റിസോഴ്സ് അംഗങ്ങളുടെ ഓരോ ഘട്ടത്തിലേയും പരിശീലന പരിപാടി പൂർത്തിയാകുന്ന മുറയ്ക്ക് ECCE പരിശീലനം സംഘടിപ്പിക്കേണ്ട മാർഗരേഖ പ്രകാരം അതാത് പഞ്ചായത്ത്/ സെക്ടർതലത്തിൽ അങ്കണവാടി പ്രവർത്തകർക്ക് പരിശീലനം നൽകേണ്ടതാണ്. ഓരോ പ്രോജക്ടിൽ നിന്നും തെരഞ്ഞെടുത്ത 3 RP മാരെ ഉൾപ്പെടുത്തിയാണ് BRG രൂപീകരിച്ചിട്ടുള്ളത്.

സൂചന (2) ലെ തീരുമാന പ്രകാരം പാലക്കാട് IRTC യിൽ നടക്കേണ്ട പരിശീലന പരിപാടിയുടെ കലണ്ടർ സൂചന (4) പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ഈ കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പരിശീലന കലണ്ടർ പ്രകാരം പാലക്കാട് IRTC യിൽ വച്ച് നടക്കുന്ന BRG അംഗങ്ങളുടെ റസിഡൻഷ്യൽ ട്രെയിനിംഗിൽ അതത് ജില്ലകളിലെ ബ്ലോക്ക് റിസോഴ്സ് ഗ്രൂപ്പംഗങ്ങളെ കൃത്യമായി പരിശീലനത്തിന് നിയോഗിക്കേണ്ടതാണ്. സൂചന (3) ൽ പരാമർശിച്ചിരിക്കുന്ന പ്രകാരം പ്രോഗ്രാം ഓഫീസർമാർ ജില്ലയിലെ ഓരോ ICDS പ്രോജക്ടിൽ നിന്നും 3 BRG അംഗങ്ങളെ വീതം ട്രെയിനിംഗിന് നിയോഗിക്കേണ്ടതാണ്. അങ്കണവാടിയിലെ സ്ഥിരം വർക്കർമാരെ പ്രസ്തുത പരിശീലനത്തിന് പാലക്കാട് IRTC യിൽ അയക്കേണ്ടതില്ല എന്ന വിവരം അറിയിക്കുന്നു.

ട്രെയിനിംഗിന് ഹാജരാകുന്ന BRG അംഗങ്ങളുടെ ലിസ്റ്റ് പ്രോഗ്രാം ഓഫീസർമാർ ഉറപ്പ് വരുത്തിയശേഷം ഇ-മെയിൽ മുഖാന്തിരം ഈ കാര്യാലയത്തിലേയ്ക്കും പാലക്കാട് IRTC യിലെ മെയിൽ ID യായ mail@irtc.org.in ലേയ്ക്കും ലഭ്യമാക്കേണ്ടതാണ്. ECCE യുമായി ബന്ധപ്പെട്ട ഈ പ്രധാന പരിശീലന പരിപാടിയിൽ BRG അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പ് വരുത്തേണ്ട ഉത്തരവാദിത്വം അതത് ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കാണ്. ഇക്കാര്യത്തിൽ വീഴ്ചവരുത്തുന്ന ICDS പ്രോജക്ടുകളുടെ വിവരം ടി കാര്യാലയത്തിൽ കൃത്യമായും അറിയിക്കേണ്ടതാണ്.

**IRTC Main Campus**
**Mundoor, Mundoor P.O.,**
**Palakkad. Pin- 678 592.**
**Phone No: 0491-2832324, 2832663**
**Website: www.irtc.org.in**
**E-mail: mail@irtc.org.in**
**Mobile No: 9446334077/ 7510336986**

വിശ്വസ്തതയോടെ,

**വനിതാ ശിശുവികസന ഡയറക്ടർ**

# IRTC- ECCE പരിശീലനത്തിൽ പങ്കെടുക്കേണ്ട ബ്ലോക്ക് റിസോഴ്സ് ഗ്രൂപ്പംഗങ്ങളുടെ വിവരം

## രണ്ടാംഘട്ട ECCE പരിശീലനം

| ബാച്ച് നം. | ജില്ല | പങ്കെടുക്കേണ്ട ICDS പ്രോജക്ടുകളുടെ എണ്ണം | പങ്കെടുക്കേണ്ട ആകെ BRG | പരിശീലന തീയതി/ റിമാർക്സ് |
|---|---|---|---|---|
| I | കൊല്ലം | 21 | 63 | 15.01.2018-19.01.2018 പൂർത്തിയായി |
| | കാസർഗോഡ് | 12 | 36 | |
| | തിരുവനന്തപുരം | 7 | 21 | |
| | ആകെ BRG | | 120 | |
| II | തിരുവനന്തപുരം | 17 | 51 | 22.01.2018-26.01.2018 നടന്നുകൊണ്ടിരിക്കുന്നു |
| | മലപ്പുറം | 23 | 69 | |
| ആകെ BRG | | | 120 | |
| III | മലപ്പുറം | 6 | 18 | II ബാച്ചിൽ പങ്കെടുക്കാത്ത 6 പ്രോജക്ടുകൾ പങ്കെടുക്കണം |
| | കോട്ടയം | 15 | 45 | 29.01.2018-02-02-2018 |
| | ഇടുക്കി | 13 | 39 | |
| | കണ്ണൂർ | 21 | 63 | |
| | ആലപ്പുഴ | 15 | 45 | |
| | പാലക്കാട് | 10 | 30 | ആദ്യത്തെ 10 പ്രോജക്ട് പങ്കെടുക്കണം |
| ആകെ BRG | | | 240 | |
| IV | പാലക്കാട് | 11 | 33 | III ബാച്ചിൽ പങ്കെടുക്കാത്ത ബാക്കി 11 പ്രോജക്ട് |
| | വയനാട് | 8 | 24 | 05.02.2018 - 09.02.2018 |
| | കോഴിക്കോട് | 21 | 63 | |
| | പത്തനംതിട്ട | 12 | 36 | |
| | തൃശ്ശൂർ | 23 | 69 | |
| | എറണാകുളം | 5 | 15 | ആദ്യത്തെ 5 പ്രോജക്ട് പങ്കെടുക്കണം |
| ആകെ BRG | | | 240 | |
| V | എറണാകുളം | 18 | 54 | 12.02.2018 - 16.02.2018 |

# മൂന്നാംഘട്ട ECCE പരിശീലനം

## SCG അംഗങ്ങൾക്കുള്ള പരിശീലനം 19.02.2018 - 23.02.2018 വരെ പാലക്കാട് IRTC യിൽ വച്ച് നടക്കുന്നതാണ്

| ബാച്ച് നം. | ജില്ല | പങ്കെടുക്കേണ്ട ICDS പ്രോജക്ടുകളുടെ എണ്ണം | പങ്കെടുക്കേണ്ട ആകെ BRG | പരിശീലന തീയതി/ റിമാർക്സ് |
|---|---|---|---|---|
| I | കൊല്ലം | 21 | 63 | 26.02.2018 - 02.03.2018 |
| | കാസർഗോഡ് | 12 | 36 | |
| | തിരുവനന്തപുരം | 24 | 72 | |
| | മലപ്പുറം | 23 | 69 | |
| **ആകെ BRG** | | | **240** | |
| II | മലപ്പുറം | 6 | 18 | 05.03.2018 - 09.03.2018 |
| | കോട്ടയം | 15 | 45 | |
| | ഇടുക്കി | 13 | 39 | |
| | കണ്ണൂർ | 21 | 63 | |
| | ആലപ്പുഴ | 15 | 45 | |
| | പാലക്കാട് | 10 | 30 | |
| **ആകെ BRG** | | | **240** | |
| III | പാലക്കാട് | 11 | 33 | 12.03.2018 - 16.3.2018 |
| | വയനാട് | 8 | 24 | |
| | കോഴിക്കോട് | 21 | 63 | |
| | പത്തനംതിട്ട | 12 | 36 | |
| | തൃശ്ശൂർ | 23 | 69 | |
| | എറണാകുളം | 5 | 15 | |
| **ആകെ BRG** | | | **240** | |
| IV | എറണാകുളം | 18 | 54 | 19.03.2018 - 23.03.2018 |